بسم الله الرحمن الرحيم

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 26/09/14

(01 DHUL HIJJAH 1435 Hijiri)

## Hazrat Khalifathullah Munir Ahmad Azim (A)

സലാമിനു ശേഷം, തശഹ്ഹുദ്, തഅവ്വദ്, സൂറ: അൽഫാത്തിഹ ഓതിയ ശേഷം ഹസ്രത് മുഹ്യിദ്ദീൻ (അ) പറഞ്ഞു.

കഴിഞ്ഞ വെള്ളിയാഴ്ച ആരംഭിച്ച പ്രസംഗം തുടരുവാനുള്ള സ്വർഗ്ഗീയാവസരം പ്രദാനം ചെയ്ത എന്റെ ബബിന് ഞാൻ ആദ്യമെ നന്ദി രേഖപ്പെടുത്തുന്നു. അവന്റെ അനുഗ്രഹവും അവൻ പ്രദാനം ചെയ്യുന്ന അറിവും ഇല്ലെങ്കിൽ എനിക്കിത് നിങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുവാൻ കഴിയുകയില്ല. ഒരിക്കലും അവസാനിക്കാത്ത ഒരു സമുദ്രം പോലെ എന്റെ റബ്ബ് എന്റെ ഹൃദയത്തിൽ അവന്റെ അനുഗ്രഹ വർഷങ്ങൾ ഒഴുക്കി വിടുകയാണ്. അതിലൂടെ നിങ്ങളുടെ ഹൃദയങ്ങളെ ശുദ്ധീകരിക്കുന്നതിനായി, അങ്ങനെ നിങ്ങളിലോരോരുത്തരിലും അല്ലാഹുവിന്റെ പ്രകാശധാര പൂർണ്ണതോതിൽ പ്രവേശിക്കുന്നതിനായി, അതുമൂലം അസാധാരണമായ ഈ അനുഗ്രഹങ്ങളും പ്രകാശവും നിങ്ങൾക്ക് പ്രയോജനകരമായി തീരുന്നതിനും വേണ്ടി. ഇൻശാ അല്ലാഹ് !

അല്ലാഹു (ത) യുടെ സഹായവും മാർഗ്ഗദർശനവും ഇല്ലാതെ, അവന്റെ പിന്താങ്ങലും പ്രത്യേക ശ്രദ്ധയുമില്ലാതെ, അറിവിന്റെ ആഴങ്ങൾ എന്നിൽ വർദ്ധിപ്പിക്കാതെ, ഈ മഹത്തായ യജ്ഞത്തിൽ എനിക്ക് തനിയെ ഒന്നും തന്നെ ചെയ്യുവാൻ സാധിക്കുകയില്ല. സത്യത്തിൽ എനിക്ക് ജനങ്ങൾക്ക് വിവരിച്ചുകൊടുക്കുവാൻ വളരെ പ്രയാസമാണ്. അതായത് എന്നെ എന്റെ റബ്ബ് എങ്ങനെയാണ് സഹായിക്കുന്നത് ? എങ്ങനെയാണ് മാർഗ്ഗദർശനം നല്കുന്നത് ? ഈ നൂറ്റാണ്ടിലേക്ക് അല്ലാഹു എന്നെ എങ്ങനെയാണ് ഖലീഫയായി തെരഞ്ഞടുത്തത് ? ജനങ്ങളല്ല എന്നെ തെരഞ്ഞെടുത്തത്. മറിച്ച് അല്ലാഹു താൻ തന്നെയാണ് തെരഞ്ഞെടുത്തത്. ആയതിനാൽ ഞാൻ എന്റെ റബ്ബിന് വീണ്ടും നന്ദി രേഖപ്പെടുത്തുന്നു. കഴിഞ്ഞ ആഴ്ചയിലെ അതേ വിഷയം തന്നെ ഈ ആഴ്ചയിലും തുടരുകയാണ്.

നമ്മുടെ പ്രിയങ്കരരായ പ്രവാചകൻ മുഹമ്മദ് (സ) പറഞ്ഞതായി റിപ്പോർട്ട് ചെയ്തിരിക്കുന്നു. ''നിങ്ങൾ പരസ്പരം ശത്രുത വെച്ചു പുലർത്തരുത്. ഒരാൾ വില പറയുന്ന സാധനത്തിന് അയാളുടെ സാന്നിദ്ധ്യത്തിൽ വിലകൂട്ടി പറയരുത്; പരസ്പരം വെറുക്കരുത് ! നിങ്ങൾ പരസ്പരം അവഗണിക്കരുത്, ഒരാൾ കച്ചവടം നടത്തിക്കൊണ്ടിരിക്കുന്നതിനിടയിൽ കയറി കച്ചവടം നടത്തരുത്. എന്നാൽ നിങ്ങൾ അല്ലാഹുവിന്റെ അടിമകളെ ! നിങ്ങൾ സഹോദരന്മാരായി കഴിയുക. ഒരു മുസ്ലിം മറ്റൊരു മുസ്ലിമിന്റെ സഹോദരനാണ്. അവൻ, അവന്റെ സഹോദരനെ ഇടിച്ചു താഴ്ത്തരുത്; അവൻ, അവനോട് കള്ളം പറയരുത്; താണവനായി കാണരുത്; അപമാനിക്കരുത്; തഖ്‌വ ഇവിടെയാണ് (മൂന്നു പ്രാവശ്യം തന്റെ നെഞ്ചിലേക്ക് ചൂണ്ടിക്കാണിക്കുകയുണ്ടായി) ഒരു മുസ്ലിം തന്റെ വിശ്വാസിയായ സഹോദരന്റെ എല്ലാ കാര്യങ്ങളും പരിപാപനമായി കാണേണ്ടതാണ്; അവന്റെ രക്തം, അവന്റെ ധനം, അവന്റെ മാന്യത.'' (മുസ്ലിം)

അത്ഭുതമെന്നു പറയട്ടെ ! തന്റെ അനുചരന്മാരോടും സമുദായത്തോടും ഈ കാര്യങ്ങളെല്ലാം പറഞ്ഞിട്ടുണ്ടെങ്കിലും വിശുദ്ധ ഖുർആനിലും, തിരു സുന്നത്തിലും ആലേഖനം ചെയ്തിട്ടുണ്ടെങ്കിലും, മുസ്ലിംകൾ എന്നു പറയുന്നുവെങ്കിലും, ഇസ്ലാമിന്റെ സംരക്ഷകരാണ് എന്നു പറയുന്നവരും, അഹ്മദികൾ എന്ന് പറയുന്നവരും ഈ കല്പനകളൊന്നും മാനിക്കുന്നില്ല. ഇതര മുസ്ലീംകളെപോലെ, അഹ്മദി മുസ്ലീംകളും അനിസ്ലാമികമായ, ഭൗതിക ആകർഷണവലയത്തിലകപ്പെട്ട് ഇസ്ലാമിക അധ്യാപനങ്ങളിൽ നിന്ന് വിദൂരത്തായിരിക്കുന്നു. **എന്റെ ആത്മാർത്ഥ അനുയായികളും, പിൻഗാമികളും, പിശാചിന്റെ പ്രേരണകളിൽ അകപ്പെട്ട്, സത്യപാതയിൽ നിന്നും വ്യതിചലിച്ച്, തന്റെ വിശ്വാസ സഹോദരരിൽ നിന്നും അകന്നു പോകുന്ന അവസ്ഥ ഉണ്ടാകരുതെ എന്നാണ് എന്റെ പ്രാർത്ഥന. അല്ലാഹു (ത) നിങ്ങളെ എല്ലാവരേയും ഇതിൽ നിന്നും സംരക്ഷിക്കട്ടെ ! ആമീൻ.**

**ഇസ്ലാമിന്റെ ഇന്നത്തെ അവസ്ഥ.**

ഇസ്ലാമിലെ അനേകം ജമാഅത്തുകളിൽ, അഹ്മദിയാ ജമാഅത്തിൽ ഉൾപ്പടെ അവരുടെ ഭരണ ക്രമങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങൾ കാണുമ്പോൾ ദുഃഖം തോന്നുന്നു. ഇസ്ലാമിന്റെ സംര ക്ഷകർ എന്ന് അവകാശപ്പെടുന്ന അഹ്മദികൾ പോലും തങ്ങൾ പറയുന്ന കാര്യങ്ങൾ പ്രവ്യത്തി പഥത്തിൽ കൊണ്ടു വരുന്നില്ല. അനേകം പേർ തങ്ങളുടെ വിശ്വാസി സഹോദരനെ ചതിക്കുകയാണ്. ദൈവീക കല്പ നകൾക്കും, പ്രവാചകചര്യയ്ക്കും, ഭരണ രംഗത്തെ തലപ്പത്തുള്ളവർ പോലും വേണ്ടത്ര ആദരവ് നല്കുന്നി ല്ല. പൊതു മുസ്ലീംകൾ പൊതുവിലും, അഹ്മദി മുസ്ലീംകൾ പ്രത്യേകിച്ചും, ഇസ്ലാമിക നിയമവ്യവസ്ഥയെ മാനിക്കുന്നില്ലെങ്കിൽ, മുഹമ്മദ് (സ) യുടെ ഉമ്മത്തിന്റെ അവസ്ഥയെന്തായിരിക്കുമെന്ന് ഒന്ന് ആലോചിച്ചു നോക്കുക. അഹ്മദിയ്യാ ജമാഅത്തിന്റെ തലപ്പത്ത് ഇതാണ് അവസ്ഥയെങ്കിൽ പ്രാദേശിക തലത്തിൽ (മൗറീ ഷ്യസ്) എന്തായിരിക്കും അവസ്ഥ.? തഖ്വ ഉള്ളവരാണ് എന്നു പറയുന്നവർ ധാരാളമുണ്ട്. എന്നാൽ അവർ തങ്ങളുടെ അഹ്മദി സഹോദരന്മാരെ ചതിക്കുകയാണ്. അത്തരത്തിലുള്ള അനേകം പേരെ എനിക്കറിയാം. മൗറീഷ്യസിലെ ജമാഅത്തു അഹ്മദിയായിൽ ഇതാണ് അവസ്ഥയെങ്കിൽ ലോകമെമ്പാടുമുള്ള അഹ്മദിയ്യാ ജമാഅത്തിൽ എന്തായിരിക്കും അവസ്ഥ ? ഖലീഫത്തുൽ മസീഹിന്റെ പ്രതിനിധികൾ, തഖ്വ പ്രകടിപ്പി ക്കേണ്ടവർ അവരുടെ കാര്യമാണ് വളരെ പരിതാപകരം. അഹ്മദി സഹോദരീ സഹോദരന്മാരുടെ കഠിന പ്രയത്നത്തിലൂടെ അവർ നല്കിയ സംഭാവനകൾ (സക്കാത്ത്, ചന്ദ:, തഹ്രീകെ ജദീദ് തുടങ്ങിയവ) അനു വാദമില്ലാതെ എടുക്കുകയാണ്. അവരുടെ കീഴിൽ ജോലി ചെയ്യുന്ന ജോലിക്കാർക്ക് ശമ്പളം നല്കാതെ പറ ഞ്ഞയക്കാൻ വരെ അവർ തയ്യാറാകുന്നു. ഞാനിത് പറയുവാൻ കാരണം, ജമാ അത്തു അഹ്മദിയായ്യിൽ 1987 – 2000 കാലഘട്ടത്തിൽ ഞാൻ ആ പ്രസ്ഥാനത്തിലെ ഒരു ജോലിക്കാരനായിരുന്നു. മൗറീഷ്യസിലെ ജമാ അത്തും അതിന്റെ അമീറും എന്റെ ശമ്പളം നല്കിയില്ല. എന്റെ സർവ്വീസ് ദൈർഘ്യം പരിഗണിച്ച്, ആനുകൂ ല്യങ്ങൾ നല്കിയില്ല. ഓരോ ജീവനക്കാരനും അതിനവകാശമുള്ളതാണ്. 14 വർഷങ്ങൾ പിന്നിട്ടിരിക്കുന്നു. ഞാനുമായുള്ള കരാർ അവർ പാലിച്ചിട്ടില്ല. ഈ കടം തന്നു തീർത്തിട്ടുമില്ല. ദൈവീക നിയമപ്രകാരവും, പ്രവാചക പ്രഭു മുഹമ്മദ് (സ) യുടെ അധ്യാപനമനുസരിച്ചും, രാജ്യത്തെ നിയമവ്യവസ്ഥ അനുസരിച്ചും എന്റെ അവകാശങ്ങളെ അവർ മാനിക്കേണ്ടതാണ്. എന്നോടുള്ള ഉടമ്പടികൾ പൂർത്തിയാക്കേണ്ടതാണ്. എന്നാൽ ഇതുവരെയും യഥാർത്ഥ മുസ്ലീംകൾ എന്ന നിലയിൽ, തങ്ങളുടെ കീഴിൽ ജോലി ചെയ്ത ജീവനക്കാരന് വേതനം നല്കിയിട്ടില്ല. ഒരു ഡ്രൈവർ എന്ന നിലയിൽ ജമാ അത്തിന് സേവനം ചെയ്ത് അതിലൂടെ ലഭി ക്കുന്ന വരുമാനം കൊണ്ടാണ് എനിക്ക് ജീവിക്കേണ്ടത് എന്ന് എന്തുകൊണ്ട് കരുതിയില്ല. ഇതോടൊപ്പം ചേർത്തു വായിക്കേണ്ട ഒരു കാര്യം കൂടിയുണ്ട്. അതായത് അവർ എന്റെ മേൽ സാമൂഹ്യ ബഹിഷ്ക്കരണം ഏർപ്പെടുത്തുകയും ചെയ്തു. അല്ലാഹു (ത) യുടെ വീക്ഷണത്തിലും, ഭൗതീക നിയമ വീക്ഷണത്തിലും, ഈ നടപടികൾ അതായത് ശമ്പളം നല്കാതിരിക്കുക, സാമൂഹ്യ ബഹിഷ്ക്കരണം നടത്തുക, ഇവ രണ്ടും നിയ മലംഘനമാണ്. നാലാം ഖലീഫ ഈ വിഷയം ചെവിക്കൊണ്ടില്ല. എന്നു മാത്രമല്ല അഞ്ചാം ഖലീഫയും അതേ അനിസ്ലാമിക പാതയിൽ തന്നെ ! ഹസ്രത് മുഹമ്മദ് (സ) പറഞ്ഞു. ഒരു യഥാർത്ഥ മുസ്ലീം, തന്റെ സഹോദ രന്റെ മാന്യതയും, ധനവും സംരക്ഷിക്കുന്നവനാണ്. മാത്രമല്ല നമ്മുടെ പ്രിയങ്കരരായ പ്രവാചകർ (സ) പറയു കയുണ്ടായി **ഒരു തൊഴിലാളിയുടെ വിയർപ്പു ഉണങ്ങുന്നതിന് മുമ്പ് അവന്, അവന്റെ അർഹതപ്പെട്ട വേതനം നല്കിയിരിക്കണം.**

ജമാ അത്തു പണം കൊള്ളയടിക്കുന്ന അഹ്മദി മുസ്ലീംകൾ, അഹ്മദി സഹോദരങ്ങളെ ചതിക്കുന്ന അഹ്മദികൾ, അവരിപ്പോഴും ജമാഅത്തിൽ തന്നെയുണ്ട്. അവരുടെ മേൽ ഒരു ബഹിഷ്ക്കരണവും ഇല്ല. അവരൊക്കെ ജമാഅത്തിൽ ഉണ്ട് എന്ന് മാത്രമല്ല, അവരെയൊക്കെ ജമാഅത്തു പരിപാടികളിൽ ക്ഷണി ക്കുന്നുമുണ്ട്. ഈ തെറ്റു ചെയ്യുന്നവരെ തുറന്നു കാട്ടുമ്പോൾ, ഈ യഥാർത്ഥ കുറ്റവാളികൾ ബഹുമാന്യ വ്യക്തികളായി ജമാഅത്തു അഹ്മദിയായ്യിൽ ഉണ്ട്. മൗറീഷ്യസിലെ ഈ ദൈവീക ദ്യഷ്ടാന്താരംഭത്തിൽ, ഈ വിനീതനും സഫറുല്ലാ ഡുമൂൻ സാഹിബും, അദ്ദേഹം എന്റെ ധാരാളം വെളിപാടുകൾ രേഖപ്പെടുത്തുക യും, അപ്പോഴത്തെ ഖലീഫ (ഹസ്രത് മിർസാ താഹിർ അഹ്മദ്) യെ എനിക്ക് ലഭിക്കുന്ന ദൈവീക വെളിപാ ടുകൾ സംബന്ധമായ വസ്തുതകൾ അറിയിക്കുകയും ചെയ്തിട്ടുണ്ട്. അല്ലാഹു (ത) എന്നോട് സംസാരി ക്കുന്നുഎന്ന ഒറ്റക്കാരണത്താൽ, ഗൂഢ തന്ത്രജ്ഞർ, ഗൂഢാലോചന നടത്തുകയും മുനീർ അഹ്മദ് അസീമി നേയും സഫറുല്ലാ ഡുമൂൻ സാഹിബിനേയും പുറത്താക്കുവാനുള്ള വഴി തേടുകയും ചെയ്തു. മനുഷ്യർ തെരഞ്ഞെടുത്ത ഖിലാഫത്തിന് ഞാനൊരു വിനയായി തീരുമെന്ന് അവർ ഭയന്നതായിരിക്കാം. തഖ്വ രഹിത

മായ ഹൃദയങ്ങൾ നേതൃ നിരയിലാകുമ്പോൾ ഇതുമാത്രമേ പ്രതീക്ഷിക്കുവാനുള്ളൂ. ഈ വിനീതനെ അല്ലാഹു തെരഞ്ഞെടുത്ത് അല്ലാഹു (ത) സംസാരിക്കുന്നുവെന്ന ഒറ്റക്കാരണത്താൽ എന്റെ മേൽ ശാപവർഷം ചൊരിയുന്ന ഒരു ഖലീഫയും അദ്ദേഹത്തിന്റെ കൂട്ടാളികളെക്കുറിച്ചും ഒന്ന് സങ്കൽപ്പിച്ചു നോക്കുക. !

ദൈവീക വെളിപാടുകൾ, മനുഷ്യാത്മാവിന്റെയും ഹൃദയത്തിന്റെയും പ്രകാശം, മനുഷ്യന്റെ യഥാർത്ഥ നവീകരണം, അവരെ സംബന്ധിച്ചടത്തോളം ഹറാമായ കാര്യമായിരിക്കുന്നു. ! ചതിയും മോഷണവും ഹലാലും ! ജമാഅത്ത് അഹ്മദിയായുടെ പുതിയ കാലം ! നമ്മുടെ മുൻഗാമികൾ, യഥാർത്ഥ അഹ്മദി മുസ്ലീംകൾ, അവർ വളരെയധികം ത്യാഗങ്ങൾ അനുഭവിച്ചു. അഹ്മദിയ്യാ ജമാഅത്തിനെ സമുന്നത സ്ഥാനത്ത് എത്തിച്ചു. അല്ലാഹുവിന്റെ അനുഗ്രഹത്താലും അവന്റെ അജയ്യമായ ശക്തി പ്രഭാവത്താലും ഇതൊക്കെ നേടി. എന്നാൽ ഇന്ന് പുതിയ തലമുറ ഈ നേട്ടങ്ങളെ ചവിട്ടി മെതിക്കുകയാണ്. ഇസ്ലാമിന്റെ അധ്യാപനങ്ങൾക്കു നേരെ മുഖം തിരിച്ചു നില്ക്കുന്നു.! മുഹമ്മദ് (സ) യുടെ അധ്യാപനത്തിനെതിരെ ! ഹസ്രത് മിർസാഗുലാം അഹ്മദ് (അ) യുടെ നവീകരണത്തിനെതിരെ ! വാഗ്ദത്ത മസീഹ് (അ) കൊണ്ടു വന്ന അധ്യാപനങ്ങൾക്കെതിരിൽ പൊതു മുസ്ലീംകൾ നിലകൊണ്ടപ്പോൾ, പണ്ട്, നമ്മൾ പറയുമായിരുന്നു ; അവർ വ്യക്തമായ തെറ്റിലും വഴികേടിലും ആയിപ്പോയല്ലോ എന്ന് ! എന്നാൽ ഇപ്പോൾ അല്ലാഹു (ത) തന്റെ മറ്റൊരു മസീഹിനെ കൊണ്ടു വന്നപ്പോൾ വിധിനാൾ വരേക്കും ദൈവീക വെളിപാടുകളുടെ വാതിലുകൾ തുറന്നു കിടക്കുമെന്ന് എന്ന് പ്രഘോഷിച്ചവർ തന്നെ, അല്ലാഹു (ത) തെരഞ്ഞെടുത്ത് അയച്ചവനെതിരിൽ നിലകൊള്ളുന്നു. ! മത നവീകരണത്തിനായി തെരഞ്ഞെടുത്തവനെതിരിൽ ! അല്ലാഹുവിന്റെ ഖലീഫക്കെതിരിൽ ! അല്ലാഹുവിന്റെ മസീഹിനെതിരിൽ ! അല്ലാഹുവിന്റെ ദൂതനെതിരിൽ!

പരിശുദ്ധമായ ഹൃദയം അഴുക്കുപിടിച്ചതായി മാറുന്നു. കറപിടിച്ച ഹൃദയം സ്വർണ്ണമായി മാറുന്നു. സ്വർണ്ണത്തെ ഇപ്പോൾ കത്തിക്കരിഞ്ഞ് പോകുവാൻ കൊടും തീയിലേക്ക് ഇടുന്നു. ആയതിനാൽ അവർക്ക് തഖ്വ കണ്ടെത്തുവാൻ കഴിയുന്നില്ല. എന്റെ സഹോദരീ സഹോദരന്മാരെ ! അല്ലാഹുവിന്റെ പദ്ധതികൾ അത്ഭുതകരമായതാണ്. ! ദൈവീകമായി നിയന്ത്രിക്കുന്ന ഒരാളുടെ മേൽ ആർക്കും കല്പനകൾ പുറപ്പെടുവിക്കാവതല്ല. അല്ലാഹുവിന്റെ ശക്തിക്കും പദ്ധതിക്കുമെതിരിൽ ആർക്കും നിലനിൽക്കുവാൻ സാധ്യമല്ല. ! അല്ലാഹുവിനോട് കല്പിക്കുവാൻ ആർക്കും സാധ്യമല്ല, മറ്റൊരു ദൂതനെ അയക്കുവാൻ പറയുവാനും സാധ്യമല്ല. അല്ലാഹു തന്റെ ദൂതന്മാരെ നിയോഗിച്ചുകൊണ്ടിരിക്കുന്നു. ലോകത്തിന് ആവശ്യമുണ്ട് എന്ന് അവന് തോന്നുമ്പോഴൊക്കെ ! സ്വർഗ്ഗത്തിൽ നിന്നും വരുന്ന ശുദ്ധ ജലം കൊണ്ട് ഹൃദയത്തെ ശുദ്ധീകരിക്കുന്നു. മനുഷ്യന് അറിവില്ലാത്തത് അവൻ പഠിപ്പിക്കുന്നു. മറഞ്ഞ സത്യങ്ങളെ അവൻ പുറത്തുകൊണ്ടു വരുന്നു. അല്ലാഹുവിന്റെ വഴിയിൽ തടസ്സങ്ങൾ സൃഷ്ടിക്കാമെന്ന് കരുതരുത്. ! അവർ ഹൃദയത്തിന്റെ ഒരു കോണിൽ അല്ലാഹുവിന്റെ അധ്യാപനങ്ങളെ ഇടുവാൻ ശ്രമിക്കുന്നു. അല്ലാഹുവിന്റെ അധ്യാപനങ്ങൾക്കു നേരെ ചെവി കേൾക്കാത്തവരായും, അന്ധന്മാരായും കഴിയുന്നു. ശാശ്വതമായി ഭൂമിയിൽ വസിക്കാമെന്ന ധാരണയോടെ അവരുടെ ജീവിതം നയിച്ചുകൊണ്ടിരിക്കുന്നു.

ഇപ്പോൾ മുസ്ലീം ലോകത്ത് എന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നതെന്ന് നോക്കുക. തെളിവ് സഹിതം ധാരാളം ഉദാഹരണങ്ങൾ എനിക്ക് നല്കുവാൻ കഴിയും. ഇന്നത്തെ എന്റെ പ്രസംഗ വിഷയം അതല്ല. ഞാൻ പറയുവാൻ ആഗ്രഹിക്കുന്നത് എന്തെന്നാൽ ! ഇവരുടെ പര്യാവസാനം വളരെ ഗുരുതരമായിരിക്കും. നിശ്ചയമായും ! അൽപാൽപ്പമായി അവൻ വാഗ്ദാനം ചെയ്ത പ്രകാരം, അല്ലാഹു (ത) അവരെ എങ്ങനെയാണ് നാശത്തിലേക്ക് കൊണ്ട്ടെത്തിക്കുന്നതെന്ന് കാണുക. അവർക്ക് എന്താണ് സംഭവിക്കുന്നതെന്ന് അവർ പോലും അറിയാതെ അത് സംഭവിക്കും. അവരുടെ മേൽ അവന്റെ നാശം ചൊരിഞ്ഞുകൊണ്ടേയിരിക്കും. – ദൈവീക ശിക്ഷ – അത് അവർ ദൈവദൂതനെതിരിൽ പദ്ധതികൾ ആസൂത്രണം ചെയ്യുകയും, പെരുമാറുകയും ചെയ്തതുകൊണ്ടാണ്. ഈ വിനീതനെതിരിൽ ഭയാനകമായ രീതിയിലാണ് അവർ പ്രവർത്തിച്ചത്, തന്മൂലം അല്ലാഹു (ത) അവരുടെ ആരോഗ്യത്തെ ക്ഷയിപ്പിക്കും, കൂടുതൽ ശമ്പളം ലഭിച്ചിരുന്നവർ, അവരുടെ വേതനത്തിൽ നിന്നും പുറത്താക്കപ്പെടും. ഇവർ പറയുന്നത് എല്ലാവരോടും സ്നേഹം, ആരോടുമില്ലാ വെറുപ്പ് എന്നാണ് . എന്നാൽ അവരുടെ ഹൃദയം നിറയെ വെറുപ്പാണ്. ദൈവീക പ്രകാശം ഉള്ളിൽ കടക്കുന്നതിൽ നിന്ന് തടയുന്നു. അതുകൊണ്ട് തന്നെ യഥാർത്ഥ സ്നേഹവും സാഹോദര്യവും ജനിക്കുന്നില്ല. ! അല്ലാഹു (ത) വെളിപാടിലൂടെ എന്നെ അറിയിക്കുകയുണ്ടായി. ‘‘എനിക്കെതിരെ അവർ എങ്ങനെയാണോ ഗൂഢ പദ്ധതികൾ ആവിഷ്ക്കരിച്ചത് അതുപോലെ അല്ലാഹു (ത) അവർക്കെതിരേയും തിരിയുന്നതാണ്. എല്ലാ രംഗങ്ങളിലും അവർ അപമര്യാദയായിട്ടാണ് പെരുമാറിയത്. ! അത് ഭൗതീകമായാലും, ആത്മീയമായാലും! അല്ലാഹു (ത) എനിക്ക് ഉറപ്പു നല്കിയിരിക്കുകയാണ്. അതായത് ഈ പറയപ്പെട്ട അഹ്മദി മുസ്ലീംകൾ,

ഇസ്ലാമിന്റെയും അഹ്മദിയത്തിന്റെയും സംരക്ഷകർ എന്ന് പറയുന്ന ഇവർ, മനുഷ്യർ തെരഞ്ഞെടുത്ത ഖലീഫയും, അദ്ദേഹത്തിന്റെ ഭരണ നിർവ്വഹണ സമിതിയും, കുടുംബ മാഹാത്മ്യത്തിന്റെ പേരിൽ ഊറ്റം കൊള ളുന്നവരും, മറ്റും മറ്റും, ഇവർ പശ്ചാത്തപിക്കുന്നില്ലെങ്കിൽ, ഇവർ തെറ്റായ വഴികൾ ഉപേക്ഷിക്കുന്നില്ലെങ്കിൽ, ഇവരുടെ ജീവിതം സംസ്ക്കരിക്കുന്നില്ലെങ്കിൽ, ദൈവീക സത്യത്തേയും ദൂതനേയും അംഗീകരിക്കുന്നില്ലെ ങ്കിൽ, അല്ലാഹു (ത) ഇവരുടെ ഉന്നതികളിൽ നിന്നും ഇവരെ ആഴങ്ങളിലേക്ക് വീഴ്ത്തുന്നതാണ്, അവരുടെ സമ്പൂർണ്ണ വിധി, സമ്പൂർണ്ണ നാശമായിരിക്കും. ! ഇവരുടെ നാശത്തിന്റെ ദിനങ്ങൾ വന്നുകൊണ്ടിരിക്കുന്നു.

**എന്റെ റബ്ബിനോടുള്ള എന്റെ വിനീത പ്രാർത്ഥനയിതാണ്, എന്റെ അല്ലാഹ് ! ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ, എന്റെ ജമാ അത്തിലെ എല്ലാ അംഗങ്ങളേയും ഇസ്ലാമിന്റെ യഥാർത്ഥ അധ്യാപനങ്ങളെക്കുറിച്ച് ചിന്തിക്കുന്നവരാക്കി തീർക്കണമേ ! തങ്ങളുടെ വിശ്വാസ സഹോദരങ്ങളോട് തികച്ചും സത്യസന്ധമായി പെരുമാ റുവാൻ അവരെ പ്രാപ്തരാക്കേണമേ! അവരുടെ ഹൃദയങ്ങളെ നിറയെ സ്നേഹവും സാഹോദര്യവും കൊണ്ട് നിറയ്ക്കണമേ ! അവരുടെ ഹൃദയങ്ങളിൽ അസൂയ ഇട്ടുകൊടുക്കരുതേ ! കാരണം അസൂയ മുസ്ലീംകൾക്കി ടയിൽ ഭിന്നിപ്പ് സൃഷ്ടിക്കുന്ന സാത്താന്റെ ഉപകരണമാണ്. ! അങ്ങനെയവരെ അത് നാശത്തിൽ കൊണ്ട് എത്തി ക്കുന്നതാണ്. എന്റെ അനുചരമാരെയും അനുയായികളെയും ദുഷ്ചിന്തകളിൽ അകപ്പെടാതെയും ആത്മീയ നാശം സംഭവിക്കാതെയും കാത്തു രക്ഷിച്ചു കൊള്ളേണമേ ! ആമീൻ.**

**അനുസരണത്തിന്റെ ആവശ്യകത**

ജമാഅത്തുസ്സഹീഹിൽ ഇസ്ലാം സ്ഥാപിതമായിട്ടുള്ള എല്ലാ രാജ്യങ്ങളിലെയും എന്റെ പ്രിയ സഹോ ദരീ സഹോദരന്മാരെ ! നിങ്ങളുടെ അമീർമാരെ നിങ്ങൾ അനുസരിക്കുവാൻ കഠിനയത്നം ചെയ്യുക. അവർ നിങ്ങളെ തഖ്വയിലൂടെ നേർവഴിയിൽ നടത്തുവാൻ ശ്രമിക്കുമ്പോൾ നിങ്ങൾ അവരെ സമ്പൂർണ്ണമായി അനു സരിക്കുക. അവർ ഇത് ചെയ്യുന്നത് എന്റെ മേൽനോട്ടത്തിൻ കീഴിലാണ്. ജമാഅത്തുസ്സഹീഹിൽ ഇസ്ലാം ഒരു കുടുംബമായി കഴിയേണ്ടതാണ്. അത് ഒരൊറ്റ ശരീരമാണ്. നിങ്ങളുടെ നാശത്തിലേക്ക്, നയിക്കുന്ന വരെ നിങ്ങൾ പിന്തുടർന്നാൽ, ഞാൻ പറയട്ടെ ! നിങ്ങൾ ദൗർഭാഗ്യവാന്മാരാണ്! നഷ്ടകാരികളാണ്! നിങ്ങൾക്ക് വളരെയധികം അപമാനം സഹിക്കേണ്ടി വരും ! നമ്മുടെ ജമാ അത്തിൽ ഇത് സംഭവിക്കാതിരി ക്കുവാൻ ഞാൻ പ്രാർത്ഥിക്കുന്നു. എല്ലാ രാജ്യങ്ങളിലേയും ജമാ അത്തുസ്സഹീഹിൽ ഇസ്ലാമിന്റെ അമീർമാ രോട് ഞാൻ ആവശ്യപ്പെടുന്നു. ; തൊഴിലാളികളുടെ അവകാശങ്ങളെ നിങ്ങൾ ആദരിക്കണം! അത് സാധാ രണ തൊഴിലാളികാളായാലും ശരി! ജമാഅത്തിന്റെ ജോലിക്കാരായാലും ശരി ! അവരുടെ ശമ്പളം പൂർണ്ണ മായി നല്കുക, വാഗ്ദാനങ്ങളെല്ലാം പാലിക്കപ്പെടണം.! കഴിയുന്നതും വേഗം കടങ്ങളൊക്കെ തീർത്തിരിക്ക ണം. നിങ്ങൾ എല്ലാപേരും സഹോദരങ്ങളാണ്. നിങ്ങൾ ഓരോരുത്തരും തന്റെ വിശ്വാസ സഹോദരന് / സഹോ ദരിയ്ക്ക് വളരെ വിലയുള്ളവർ തന്നെയാണ്. നിങ്ങൾ നിങ്ങളുടെ സഹോദരന്റെ / സഹോദരിയുടെ വികാര ങ്ങളെ വ്രണപ്പെടുത്തരുത് ! ഇസ്ലാമിക രീതിയിൽ തന്നെ ഇസ്ലാമിന്റെ സന്ദേശമെത്തിക്കുവാൻ കഠിന മായി യത്നിക്കുക. ഇസ്ലാമിനെ പ്രബോധിക്കുവാൻ അനിസ്ലാമിക വഴികൾ സ്വീകരിക്കരുത്. നമ്മുടെ ജമാ അത്തിന്റെ സന്ദേശം എത്തിക്കേണ്ടത് ശരിയായ രീതിയിൽ തന്നെയായിരിക്കണം. ഇന്റർനെറ്റിൽ, ഫെയ്സ്ബുക്ക് പോലുള്ള സൈറ്റുകൾ ഉപയോഗിക്കുമ്പോൾ, ശരിയായ നിലയിൽ തന്നെയായിരിക്കണം ദഅ്വ നടത്തേണ്ടത്. സന്ദേശത്തിൽ നൂതനമായി ഒന്നും കൂട്ടിച്ചേർക്കരുത്. അഥവാ ഇസ്ലാമിക പ്രാർത്ഥനകളോ ടൊപ്പം, വാക്കുകളോടൊപ്പം വശീകരണ സ്വഭാവമുള്ള മ്യൂസിക്കുകൾ കലർത്തരുത്. ഫെയ്സ്ബുക്കിൽ ചില ഖസീദകൾ ആധുനിക പാട്ടുകളായി പരിവർത്തനം ചെയ്യപ്പെടുന്നുണ്ട്. അല്ലാഹുവിന്റെയും റസൂലിന്റെയും പേരിനെ തുടർന്ന് മ്യൂസിക്കും ഡ്രമ്മും ഉപയോഗിക്കുന്നു. ഇവ തികച്ചും അനിസ്ലാമികമാണ്. ഇതിലൂടെ ജമാഅത്തു സ്സഹീഹിൽ ഇസ്ലാം തെറ്റായ സന്ദേശമാണ് മറ്റുള്ളവർക്ക് നല്കുന്നത്. ആയതിനാൽ ലോകമെ മ്പാടുമുള്ള എന്റെ അനുയായികളെ ഞാൻ ഉപദേശിക്കുകയാണ്. ഫെയ്സ്ബുക്കിലും / ഇന്റർനെറ്റിലുമു ള്ള ഇസ്ലാമിനും നമ്മുടെ ജമാഅത്തിനും ചീത്തപ്പേര് ഉണ്ടാക്കുന്ന എല്ലാ മെറ്റീരിയൽസും, ഉടൻ നീക്കം ചെയ്യുക. ഒരു ദൈവ ദൂതന്റെ സാന്നിദ്ധ്യത്തിൽ ഇത് ഉണ്ടാകാൻ പാടില്ല.

ഈ നൂറ്റാണ്ടിലെ അല്ലാഹുവിന്റെ ഖലീഫ എന്ന നിലയിൽ, മറ്റുള്ളവരിലേക്ക് ഈ നൂറ്റാണ്ടിലെ ദൈവിക സന്ദേശത്തെ വ്യാപിപ്പിക്കുവാൻ നിങ്ങൾ ചെയ്യുന്ന പ്രവർത്തനങ്ങളെ ഞാൻ അഭിനന്ദിക്കുകയാണ്. അത് ഫെയ്സ്ബുക്കിലൂടെയായാലും ശരി എന്നാൽ അത് തികച്ചും ഇസ്ലാമിക രീതിയിൽ തന്നെയായിരി ക്കണം. അല്ലാഹുവിനെ തൃപ്തിപ്പെടുത്തുന്ന നല്ല പ്രവർത്തനങ്ങൾ ചെയ്യുക. നിങ്ങളിൽ അല്ലാഹുവിന്റെ കോപം ഉണ്ടാകുന്ന ഒരു പ്രവൃത്തിയും ചെയ്യാതിരിക്കുക. ഇൻശാ അല്ലാഹ് !

മാത്രമല്ല എന്റെ പ്രിയരേ, മറ്റുള്ളവരെ സഹായിക്കുവാൻ എപ്പോഴും തയ്യാറായിരിക്കുക. മറ്റുള്ളവരെ സഹായിക്കുമ്പോൾ നിങ്ങൾ പാപ്പരായി പോകുമെന്ന് ധരിക്കരുത്. നിങ്ങളുടെ ഉദ്ദേശ്യങ്ങൾ സംശുദ്ധങ്ങളാണെങ്കിൽ, നിശ്ചയമായും അല്ലാഹുവാണ് നിങ്ങളുടെ എല്ലാം വഴികൾ തുറക്കുന്നത്. നമ്മുടെ ജമാഅത്തിന്റെ ഖജനാവ് സമ്പന്നമാണ്. അല്ലാഹു (ത)യുടെ അനുഗ്രഹവർഷവും സഹായവും കൊണ്ട് നമ്മുടെ ജമാഅത്തിന്റെ എല്ലാ പദ്ധതികളും പൂർത്തിയാകുന്നതാണ്. ഇൻശാ അല്ലാഹ് !

ക്ഷമയുടെ ഫലങ്ങൾ, അനതിവിദൂരഭാവിയിൽ മധുരം തന്നെയായിരിക്കും. ആ മധുരം മറ്റുള്ളവർക്കും നുകരുവാൻ സാധിക്കും. ഇൻശാ അല്ലാഹ് ! ആത്മീയാന്ധത ബാധിച്ചവരുടെ ആത്മീയാന്ധത അല്ലാഹു (ത) നീക്കം ചെയ്യട്ടെ ! അവരുടെ ആന്തരിക കണ്ണുകളുടെ അത്ഭുതകരമായ കാഴ്ച ശക്തി അല്ലാഹു പ്രദാനം ചെയ്യട്ടേ ! ഹൃദയം തുടിക്കുന്നത് അല്ലാഹുവിന് വേണ്ടി മാത്രമായിരിക്കട്ടെ ! അവന്റെ കല്പനകളുടെ പൂർത്തീകരണത്തിനായി മാത്രം ! ഇൻശാ അല്ലാഹ്.

## തഖ്‌വയുടെ ലക്ഷണങ്ങൾ

എന്റെ പ്രസംഗ വിഷയം തുടർന്നുകൊണ്ടിരിക്കുകയാണ്. ഒരു വിശ്വാസി അല്ലാഹുവിന്റെ കല്പനകൾ അനുസരിക്കലാകുന്നു തഖ്‌വയുടെ അടയാളങ്ങൾ. അതുപോലെ ശരീഅത്തിൽ നിരോധിച്ചിട്ടുള്ള കാര്യങ്ങളിൽ നിന്ന് അകന്നു നില്ക്കുക എന്നതും തഖ്‌വയുടെ ലക്ഷണമാണ്. **വല്ലവനും, അല്ലാഹുവിന്റെ പാവന ചിഹ്നങ്ങളെ ബഹുമാനിക്കുന്നതായാൽ തീർച്ചയായും അത് ഹൃദയങ്ങളുടെ തഖ്‌വയിൽപ്പെട്ടതാണ്.** (22:33)

ഒരു ഖുദ്സിയായ ഹദീസിൽ അല്ലാഹു (ത) പറഞ്ഞതായി റിപ്പോർട്ടു ചെയ്തിരിക്കുന്നു. ''എന്റെ രഹസ്യങ്ങളിൽ നിന്നുള്ള ഒരു രഹസ്യമാണ് ആത്മാർത്ഥത. എന്റെ ഇഷ്ടദാസന്മാരുടെ ഹൃദയങ്ങളിൽ ഞാനത് നിക്ഷേപിക്കുന്നു. ഓർക്കുക മൃദുത്വവും ഹൃദയ നൈർമല്യവും ദഅ്‌വയുടെയും തബ്‌ലീഗിന്റെയും വിജയരഹസ്യമാണ്. സർവ്വശക്തനായ അല്ലാഹു വിശുദ്ധ ഖുർ ആനിൽ വിശുദ്ധ പ്രവാചകനെ അഭിസംബോധന ചെയ്യുന്നു. **''അല്ലാഹുവിന്റെ മഹത്തായ കാരുണ്യം കൊണ്ടു തന്നെയാണ് നീ അവരോട് സൗമ്യമായി വർത്തിക്കുന്നത്. നീ പരുഷ സ്വഭാവിയും കഠിന ഹൃദയനുമായിരുന്നെങ്കിൽ അവർ നിന്റെ ചുറ്റും നിന്നും ചിതറി പിരിഞ്ഞു പൊയ്ക്കളയുമായിരുന്നു. ''** (3:160)

എന്റെ പ്രസംഗത്തിന്റെ രണ്ടാം ഭാഗം ഞാൻ അവസാനിപ്പിക്കുകയാണ്. ഈദുൽ അദ്ഹായ്ക്കു ശേഷം ഇതേ വിഷയം തുടരുവാനുള്ള തൗഫീഖിനായി ഞാൻ പ്രാർത്ഥിക്കുന്നു. അല്ലാഹു (ത) യോടു ഈ പ്രാർത്ഥന നടത്തിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു. എന്റെ അനുയായികളെല്ലാം ഈ പ്രാർത്ഥന നടത്തുവാനും ആഹ്വാനം ചെയ്യുന്നു.

**''യാ ! അല്ലാഹ് ! നിന്നെ തൃപ്തിപ്പെടുത്തുന്നത് ഞാൻ നിന്നോടു ചോദിക്കുന്നു. നിനക്ക് അതൃപ്തി ഉണ്ടാകുന്ന കാര്യങ്ങളിൽ നിന്നും ഞാൻ നിന്നിൽ അഭയം തേടുന്നു. എന്റെ എല്ലാ പാപങ്ങളിൽ നിന്നും എന്നെ ശുദ്ധീകരിക്കുവാൻ ഞാൻ നിന്നോട് പ്രാർത്ഥിക്കുന്നു. എന്റെ തെറ്റുകളിൽ നിന്നും എന്നെ മുക്തനാക്കേണമേ ! എന്റെ ഹൃദയത്തെ പരിശോധിക്കുകയും അതു നിറയെ തഖ്‌വ കൊണ്ട് നിറയ്ക്കുകയും ചെയ്യേണമെ ! പാപികളുടെ പാപങ്ങളെ പൊറുത്തുകൊടുക്കുന്നവനെ ! പ്രാർത്ഥന സ്വീകരിച്ചാലും !**


**Translated & Issued By**

**R. Jamaludin Raother**

**Amir**

Jamaat-Ul-Sahih-Al-Islam, Kerala South zone

*Ph: 9447001832 / 0475 2220223*

*email : jamal.raother@gmail.com*

*www.jamaat-Ul-Sahih-Al-Islam.com*


*****************